## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5886

04.07.2019-ൽ മറുപടിക്ക്

### ഗ്രാമീണ റോഡുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിന് സർക്കാർ തീരുമാനപ്രകാരം കൈമാറി കിട്ടുന്ന ഗ്രാമീണ റോഡുകളിൽ മാത്രമേ പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനം നടത്തുകയുള്ളൂ. ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ലഭിക്കുന്ന റോഡുകളുടെ നിർമ്മാണം മറ്റ് പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് പാലിക്കുന്ന നിബന്ധനകളായ മോർത്ത് സ്പെസിഫിക്കേഷൻ, പി.ഡബ്ല്യു.ഡി മാന്വൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പുതിയ റോഡുകൾക്ക് 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കാറുണ്ടോ; അത് ഗ്രാമീണ റോഡുകളുടെ നിർമ്മിതിയിൽ പാലിക്കാറുണ്ടോ; | (ബി) ഇല്ല. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്നില്ല. |

(സി) സർക്കാർ നിഷ്കർഷിച്ച വിധത്തിൽ ഗ്യാരന്റി റോഡുകൾ ഗുണമേന്മയോടെ ഒരു കിലോമീറ്റർ നിർമ്മിക്കുവാൻ നിലവിൽ എന്തു തുക വേണ്ടിവരും എന്ന് വെളിപ്പെടുത്താമോ?

(സി) പൊതുമരാമത്ത് റോഡുകൾ വകുപ്പിന്റെ മാനദണ്ഡത്തിനനുസരിച്ച് നിർമ്മിക്കുമ്പോൾ റോഡിന്റെ നിലവിലെ സ്ഥിതി, റോഡിന്റെ ഉപരിതലം നിലവിൽ നിർമ്മിച്ചിരിക്കുന്ന മെറ്റീരിയൽ, ട്രാഫിക് സാന്ദ്രത, വീതി, യൂട്ടിലിറ്റി സംവിധാനങ്ങളുടെ ക്രമീകരണങ്ങൾ, മണ്ണിന്റെ ഘടന, കാലാവസ്ഥ, വെള്ളത്തിന്റെ ഉറവയുടെ സാന്നിധ്യം, ചരക്കുവാഹനങ്ങളുടെ എണ്ണം എന്നിവയ്ക്കനുസരിച്ച് വ്യത്യാസം വരുന്നുണ്ട്. എന്നിരുന്നാലും ബി.എം.&ബി.സി നിലവാരത്തിൽ ഗ്യാരന്റി റോഡുകൾ ചെയ്യുന്നതിന് ശരാശരി കിലോമീറ്ററിന് ഒരു കോടി രൂപ ചെലവ് കണക്കാക്കുന്നു. 8 മീറ്ററിൽ കുറവ് വീതിയുള്ള ഗ്രാമീണ – നഗര റോഡുകൾ ഏറ്റെടുക്കാൻ പാടുള്ളതല്ല. എന്നാൽ ചില കാലത്ത് ചില അധികാരികൾ ഭരണ സ്വാധീനം ഉപയോഗിച്ച് 4 മീറ്റർ വരെയുള്ള റോഡുകൾ പി.ഡബ്ല്യു.ഡി റോഡായി ഏറ്റെടുത്ത് ആയിരക്കണക്കിന് കിലോമീറ്റർ റോഡുകൾ പി.ഡബ്ല്യു.ഡി റോഡാക്കി മാറ്റി. ഇടുക്കി, കോട്ടയം ജില്ലകളിലാണ് ഇതിൽ 80% റോഡുകളും കാണുന്നത്. ഒരു വിധത്തിലും ഇവ MDR ആക്കി മാറ്റാൻ കഴിയുന്നില്ല. അവ തിരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ